**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീ ജെൻഡർ ഹെൽപ്പ് ഡെസ്ക് (സ്നേഹിത) പദ്ധതിയും മാർഗ്ഗരേഖയും അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം. 56/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 31/05/2019**

---

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.11.2015 ലെ 993/എൽ/13/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്

**ഉത്തരവ്**

അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളുടേയും കുട്ടികളുടേയും വിവിധ പ്രശ്നങ്ങളിൽ ഇടപെടുകയും അവർക്ക് വൈകാരികവും, നിയമപരവും സാമൂഹികവുമായ പിന്തുണയും, 24 മണിക്കൂർ സേവനങ്ങളും ഉറപ്പുവരുത്തുന്ന സ്നേഹിത ഹെൽപ്പ് ഡെസ്ക് എന്ന പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചുവെങ്കിലും പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിരുന്നില്ലായെന്നും, പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കണമെന്നും പരാമർശം കത്തു മുഖേന കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ 24 മണിക്കൂറും ലഭ്യമാക്കുന്ന കുടുംബശ്രീ ജെൻഡർ ഹെൽപ്പ് ഡെസ്ക് (സ്നേഹിത) – പദ്ധതിയും അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖയും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**വി. നാഗേന്ദ്രൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും ( കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

## കുടുംബശ്രീ

## സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്

ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും മുൻനിർത്തി സംസ്ഥാന സർക്കാർ ആരംഭിച്ച വികസന മാതൃകയായ കുടുംബശ്രീ 14 ജില്ലകളിലായി 45 ലക്ഷത്തോളം സ്ത്രീകളുടെ ഒരു ബൃഹത്തായ ശൃംഖലയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ സമൂഹത്തിൽ തങ്ങളുടെ സ്ഥാനമെന്തെന്ന തിരിച്ചറിവ് നൽകി അവ നേടിയെടുക്കാൻ സ്ത്രീകളെ പ്രാപ്തരാക്കാൻ സ്ത്രീകളുടെ പ്രസ്ഥാനമെന്ന നിലയിൽ കുടുംബശ്രീ പ്രതിജ്ഞാബദ്ധമാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരെ പിന്തുണയ്ക്കുന്നതും സഹായിക്കുന്നതിനുമായാണ് തിരുവനന്തപുരം, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ 2013 ലും, വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ 2015 ലും ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ കുടുംബശ്രീ ആരംഭിച്ചത്. 'സ്നേഹിത' എന്ന പേരിൽ അറിയപ്പെടുന്ന ഹെൽപ്പ് ഡെസ്കുകൾ നിലവിൽ പതിനാല് ജില്ലകളിലും സജീവമായി പ്രവർത്തിച്ച് വരികയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും വിവിധ പ്രശ്നങ്ങളിൽ ഇടപെടുകയും അവർക്ക് വൈകാരികവും, നിയമപരവും, സാമൂഹിക പരവുമായ പിന്തുണയും സ്നേഹിത ഉറപ്പുവരുത്തുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 24 മണിക്കൂറും സേവനങ്ങൾ സ്നേഹിത ലഭ്യമാക്കുന്നു. കൂടാതെ വിവിധ ഡിപ്പാർട്ട്മെൻറുകളിൽ നിന്നുമുള്ള സഹായ സഹകരണങ്ങൾ ഹെൽപ്പ് ഡസ്കിന്റെ പ്രത്യേകതയാണ്

## ഔദ്യോഗിക ഘടന

## സ്നേഹിത ഹെൽപ്പ് ഡെസ്ക് കേന്ദ്രത്തിലെ

## ഉദ്യോഗസ്ഥ ക്രമം

| ക്രമ നമ്പർ | ഉദ്യോഗസ്ഥ ക്രമം | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|
| 1 | സേവനദാതാവ് | 5 |
| 2 | കൗൺസിലർ | 2 |
| 3 | ഓഫീസ് അസിസ്റ്റന്റ് | 1 |
| 4 | സെക്യൂരിറ്റി | 2 |
| 5 | കെയർടേക്കർ | 1 |

## സ്ഥാപനത്തിലെ ഭൗതിക സാഹചര്യം

സ്നേഹിതയിൽ സേവനത്തിനായി വരുന്നവർക്ക് എത്തിച്ചേരാൻ ഏറ്റവും സൗകര്യപ്രദമായ വാടകകെട്ടിടത്തിലാണ് സെൻററുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നത്

- ഫ്രണ്ട് ഓഫീസ്
- കോൾസെൻറർ
- ഫർണീച്ചർ, ഫോൺ, രജിസ്റ്റർ, ഫയലുകൾ, കമ്പ്യൂട്ടർ (ഇൻറർനെറ്റ് കണക്ഷനോട് കൂടി), ഫസ്റ്റ് എയ്ഡ് ബോക്സ്, കൂടാതെ ഒരു

ഓഫീസിനാവശ്യമായ എല്ലാ അടിസ്ഥാനസൗകര്യങ്ങളും സെന്ററിൽ ഉണ്ടായിരിക്കും

- വിശ്രമ മുറി – (ഹെൽപ്പ് ഡെസ്ക് സെന്ററിൽ സേവനം ആവശ്യപ്പെട്ട് വരുന്നവർക്ക് സമാധാനപരമായി വിശ്രമിക്കുന്നതിനുള്ള മുറി)
- കൗൺസിലിംഗ് റൂം – (സ്വകാര്യതയുള്ള റൂം, ആവശ്യത്തിന് വെളിച്ചവും വായു സഞ്ചാരവും ഉള്ള സെന്ററിലെ മറ്റ് പ്രവർത്തനങ്ങൾ ബാധിക്കാത്ത തരത്തിൽക്രമീകരിച്ച റൂം.)
- താത്ക്കാലിക താമസത്തിനുള്ള മുറി – ഫർണീച്ചറുകൾ (ശാന്തതയുള്ള ഒരു മുറി.
- കൂടാതെ പ്രത്യേക മാനസികാവസ്ഥയിലുള്ള (ആത്മഹത്യാ പ്രവണതയുള്ളവർ, മറ്റ് മാനസിക പ്രശ്നങ്ങൾ ഉള്ളവർ) എന്നിവർക്ക് താമസിക്കാൻ തയ്യാറാക്കുന്ന മുറികൾ (ഇവ ഹെൽപ്പ് ഡെസ്ക് പ്രവർത്തകരുടെ ശ്രദ്ധ പതിയുന്നിടത്താണ്)
- ഓഫീസ് സ്റ്റാഫിനുള്ള താമസ മുറി
- വൃത്തിയുള്ള അടുക്കള – അടുക്കള ഉപകരണങ്ങൾ– ഹെൽപ്പ് ഡെസ്ക് പ്രവർത്തനത്തിൽ സേവനത്തിനായി വന്നു ചേരുന്നവർക്കും ഭക്ഷണം പാകം ചെയ്ത് നൽകുന്നതിന് ആവശ്യമായ സൗകര്യം കെട്ടിടത്തിൽ ഉണ്ടായിരിക്കണം
- സാനിറ്ററി സൗകര്യങ്ങൾ
- കുടിവെള്ള സൗകര്യങ്ങൾ

- ചുറ്റു മതിൽ, അനാവശ്യ കടന്നു കയറ്റങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ എന്നിവയും സ്വീകരിച്ചുകൊണ്ടാണ് സെൻറർ പ്രവർത്തിക്കുന്നത്.

**<u>സ്നേഹിതയുടെ പ്രവർത്തനങ്ങൾ</u>**

ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും

- സുരക്ഷയും സംരക്ഷണവും നൽകുന്നു.
- അടിയന്തിര സഹായം
- കൗൺസിലിംഗ്
- പിന്തുണയും മാർഗ്ഗനിർദ്ദേശവും
- നിയമനിർദ്ദേശം
- അവശ്യഘട്ടങ്ങളിൽ താത് കാലിക താമസ സൗകര്യം
- ആവശ്യമായ സഹായ സംവിധാനങ്ങളുമായി ബന്ധിപ്പിക്കുക

എന്നിവയും ചെയ്യുന്നു.

- ഉപജീവനം-അതിജീവനം-സുരക്ഷ തുടങ്ങിയവയുമായി സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുടെ സേവനം സ്ത്രീകൾക്ക് ലഭ്യമാക്കുന്നു.

- അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ സ്വന്തം വീട്ടിൽ സുരക്ഷിതമായി താമസിക്കാൻ വേണ്ടുന്ന സാഹചര്യം സൃഷ്ടിക്കുന്നു.

- പരിശീലനകളരികളും, ബോധവത്ക്കരണ ക്ലാസ്സുകളും, നിയമ ഉപദേശങ്ങളും കൗൺസിലിംഗും ഈ സെൻററിലൂടെ ലഭിക്കും.

- സിഡിഎസ്-അയൽക്കൂട്ടതലങ്ങളിലുള്ള സ്ത്രീപദവി സ്വയംപഠന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും ജെൻറർ റിസോഴ്സ് പേഴ്സൺമാരിലൂടെ നിർദ്ദേശങ്ങൾ നൽകുവാനും പ്രശ്നങ്ങളിൽ ഇടപെടുന്നതിനും സഹായിക്കുന്നു.

- മറ്റ് സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തുവരുന്ന സ്ത്രീകൾക്ക് ആവശ്യമായ പിന്തുണാനിർദ്ദേശങ്ങൾ നൽകുന്നതാണ് (താമസം, സ്ഥലങ്ങൾ-സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ).